കേരള സർക്കാർ

# ഉദയംപേരൂർ ഗ്രാമപഞ്ചായത്ത്
# 2015-16
# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ.ഇ.കെ.എം(പി.6)2041/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്-682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in

ജോയിന്റ് ഡയറക്ടർ

തീയതി : 07.12.2016

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഉദയംപേരൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ഉദയംപേരൂർഗ്രാമപഞ്ചായത്ത് – 2015-16 സാമ്പത്തികവർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഉദയംപേരൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്ത ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2 ലേയും ഭാഗം 3 ലേയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)

<u>പകർപ്പ് :</u>
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ഇ.കെ.എം(പി.6)2041/2016)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്-682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in

തീയതി : 07.12.2016

## എറണാകുളം ജില്ലയിലെ ഉദയംപേരൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 *ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ്* 215(4) , 1994 *ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ്* 13, 1996*ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം* 18 *എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.*)

എറണാകുളം ജില്ലയിലെ ഉദയംപേരൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ഭരണവും സാമ്പത്തിക നിയന്ത്രണങ്ങളും സംബന്ധിച്ച കാര്യങ്ങളും ധനകാര്യപത്രികയും ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ 20.09.2016 വരെയുള്ള വരവ് ചെലവ് കണക്കുകളുടെ വിശദമായ പരിശോധന പെർഫോമൻസ് ഓഡിറ്റ് വിഭാഗം നടത്തിയിട്ടുണ്ടെങ്കിലും റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടില്ല. പഞ്ചായത്ത് 23.08.2015 മുതൽ 14.11.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ ഓഡിറ്റിൽ പരിശോധിച്ചിട്ടുണ്ട്. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന് ലഭ്യമായ മറുപടി പരിഗണിച്ച ശേഷം നിലനിൽക്കുന്ന പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകൾ/ രേഖകൾ/ വിവരങ്ങൾ/വിശദീകരണം കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിൽ നിർദ്ദേശിച്ച പ്രകാരമുള്ള പെർഫോമൻസ് ഓഡിറ്റിൽ പരിശോധനയ്ക്ക് വിധേയമാക്കിയ വിവരങ്ങൾ/ഓഡിറ്റ് റിപ്പോർട്ട് /ഗ്രാമപഞ്ചായത്തിന്റെ തീരുമാനം എന്നിവയുടെ അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമുണ്ടായിരിക്കുന്നതല്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | സുരേഷ് രാജു.ഡി., ഡെപ്യൂട്ടിഡയറക്ടർ(ഹ.ഗ്രേ.) |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 16.11.2016 മുതൽ 23.11.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | വി.എസ് ഷാജി. , ഓഡിറ്റ് ഓഫീസർ |
| | ജി. ഉമ., അസി. ഓഡിറ്റ് ഓഫീസർ |
| | പി.ജെ. പ്രസൂൺ, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ബബിത ബി. കുമാർ,സീനിയർഗ്രേഡ് ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. അജിത സലിം | 01.04.2015 മുതൽ 19.10.2015 വരെ |
| | അഡ്മിനിസ്ട്രേറ്റീവ് ഭരണം | 20.10.2015 മുതൽ 18.11.2015 വരെ |
| | ശ്രീ. ജോൺ ജേക്കബ്. | 19.11.2015 മുതൽ 31.03.2016 വരെ |
| സെക്രട്ടറി | ശ്രീ.എ. കെ. ജയപ്രകാശ്. | 01.04.2015 മുതൽ 13.01.2016FN വരെ |
| | ശ്രീമതി. ആർ. മണിക്കുട്ടി. | 13.01.2016AN മുതൽ 31.03.2016 വരെ |

മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.സെക്രട്ടറി | തസ്തിക ഒഴിവ് | 01.04.2015മുതൽ07.06.2015വരെ |
| | പി.പി. വിജയശ്രീ | 08.06.2015മുതൽ19.08.2015വരെ |
| | റീന റാഫേൽ | 19.08.2015മുതൽ31.03.2016വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | എം.എസ്.മിനിമോൾ | 01.04.2015മുതൽ07.05.2015വരെ |
| | എ.എം.സുജ | 08.05.2015മുതൽ31.03.2016വരെ |
| കൃഷി ഓഫീസർ | ലിസിമോൾ.ജെ. | 01.04.2015മുതൽ31.03.2016വരെ |
| വെറ്ററിനറി സർജൻ | ഡോ.സൈറ ഗോവിന്ദക്കുറുപ്പ് | 01.04.2015മുതൽ31.03.2016വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | റോസമ്മ തോമസ്. | 01.04.2015മുതൽ01.01.2016വരെ |
| | ഈശ്വരി | 02.01.2016മുതൽ31.01.2016വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(ഉദയംപേരൂർ | എസ്.എസ്. മനീഷ് | 01.04.2015മുതൽ04.03.2016വരെ |
| | വി. ശ്രീവിദ്യ. | 05.03.2016മുതൽ31.03.2016വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(കണ്ടനാട്) | വി. ശ്രീവിദ്യ. | 01.04.2015മുതൽ31.03.2016വരെ |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | പി.കെ. രഞ്ജിനി | 01.04.2015മുതൽ03.08.2015വരെ |
| | സീന അഗസ്റ്റിൻ | 08.08.2015മുതൽ31.12.2015വരെ |
| | രശ്മി പി രാജൻ | 01.01.2016മുതൽ31.03.2016വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | ഡോ. സി. മഞ്ജു | 01.04.2015മുതൽ31.03.2016വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. ഉമ | 01.04.2015മുതൽ16.06.2015വരെ |
| | ഡോ. പി. രാംകുമാർ | 17.06.2015മുതൽ31.03.2016വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. ശാന്താറാം | 01.04.2015മുതൽ10.07.2015വരെ |
| | ഡോ.ജ്രൂബി ഫ്രാൻസിസ് | 11.07.2015മുതൽ31.03.2016വരെ |
| ഹെഡ് മിസ്ട്രസ്സ് | ലേഖ രവീന്ദ്രൻ | 01.04.2015മുതൽ31.03.2016വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | കെ.ആർ. ജയ | 01.04.2015മുതൽ31.03.2016വരെ |

ഉള്ളടക്കം

| ക്രമ നം. | ഭാഗം - 1 | ഖണ്ഡിക നമ്പർ |
|---|---|---|

| | | |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം – 2 | |
| 12 | തൊഴിൽനികുതി – അപാകതകൾ | 2-1 |
| | ഭാഗം – 3 | |
| 13 | തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജിന്മേൽ KSEB യ്ക്ക് ഡിപ്പോസിറ്റ് നൽകി | 3-1 |
| 14 | തെരുവുവിളക്കുകളുടെ പോസ്റ്റ് മാറ്റുന്നതിനു KSEB യ്ക്ക് സേവനനികുതി നൽകി | 3-2 |
| 15 | പദ്ധതിമാർഗ്ഗരേഖ പാലിക്കാതെ അധിക സബ്സിഡി നൽകി | 3-3 |
| 16 | ആദായനികുതി സ്രോതസ്സിൽ നിന്നു കിഴിവു നടത്തിയില്ല | 3-4 |
| 17 | പകർച്ചവ്യാധി നിയന്ത്രണം - പദ്ധതി നടത്തിപ്പിലെ അപാകത | 3-5 |
| 18 | പഞ്ചായത്തോഫീസിൽ ജനറേറ്റർ സ്ഥാപിക്കൽ - പദ്ധതി നടത്തിപ്പിലെ അപാകത | 3-6 |
| 19 | വിനിയോഗ സാക്ഷ്യപത്രിമില്ല. ചെലവ് തടസ്സപ്പെടുത്തുന്നു | 3-7 |
| 20 | അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റില്ലാതെ പദ്ധതി നടപ്പാക്കി | 3-8 |
| 21 | എം.പി. നടപ്പാക്കുന്ന പദ്ധതിയ്ക്കായി തനതുഫണ്ടിൽ നിന്നും തുക ചെലവഴിച്ചു | 3-9 |
| 22 | ലോകബാങ്ക് ധനസഹായ വിഹിതം അറ്റകുറ്റപ്പണികൾക്കായി ചെലവഴിക്കുന്നു | 3-10 |
| | ഭാഗം – 4 | |
| 23 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 24 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4-2 |
| 25 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 26 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 27 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 28 | ഓഡിറ്റ് റിക്കവറി | 4-6 |
| 29 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4-7 |

| | | |
|---|---|---|
| 30 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 31 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-9 |
| 32 | ഓഡിറ്റ് സർട്ടിഫിക്കറ്റ് – 2015-16 | അനുബന്ധം.1 |
| 33 | ബാലൻസ് ഷീറ്റ് - 2015-16 | അനുബന്ധം.2 |
| 34 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം.3 |
| 35 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം.4 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16വർഷത്തെ പുതുക്കിയ ബജറ്റ് 06.03.2015-ാം തീയതിയിലെ 1 -ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 12,28,64,175 | 10,66,60,570 |
| വാർഷിക കണക്കുകൾ പ്രകാരം | 4,14,29,072 | 5,59,19,400 |
| വ്യത്യാസം | 8,14,35,103 | 5,07,41,170 |

ബജറ്റ് പ്രകാരമുള്ള വരവു ചെലവുകൾ വാർഷിക കണക്കുകൾ പ്രകാരമുള്ള വരവു ചെലവുകളുമായി വളരെയധികം വ്യത്യാസമുള്ളതായി കാണുന്നു. യാഥാർഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 30.07.2016 | അപാകതയില്ല. | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം.

ഓഡിറ്റ് വേളയിൽ അക്കൗണ്ട്സ് വിവരങ്ങൾ പരിശോധിച്ചിട്ടുണ്ട്. വാർഷിക ധനകാര്യ പത്രികയിൽ അപാകതയില്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 4,13,09,394 |
| വരവ് | 4,14,29,072 |
| ആകെ | 8,27,38,466 |
| ചെലവ് | 5,59,19,400 |
| നീക്കിയിരിപ്പ് | 2,68,19,066 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത തുകകൾ |
|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതുവിഭാഗം | 3924400 | 8390855 | 12315255 | 12315255 | 0 | |
| വികസന ഫണ്ട് എസ്.സി.പി. | 4595452 | 3576654 | 8172106 | 8172106 | 0 | 3686919 ജനറൽ ഫണ്ടിലേയ്ക്ക് |
| വികസന ഫണ്ട് ടി.എസ്.പി. | 401268 | 37500 | 438768 | 438768 | 0 | 401268 ജനറൽ ഫണ്ടിലേയ്ക്ക് |
| സംരക്ഷണ ഗ്രാന്റ് റോഡ് | 1414565 | 1990626 | 3405191 | 3405191 | 0 | 113379 സംരക്ഷണ ഗ്രാന്റ് നോൺ റോഡിലേയ്ക്ക് |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 2289750 | 1878317 | 4168067 | 4168067 | 0 | |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 3723312 | 7535611 | 11258923 | 11258923 | 0 | 3191204 ജനറൽ ഫണ്ടിലേയ്ക്ക് |
| പെർഫോമൻസ് ഗ്രാന്റ് | 1386728 | 0 | 1386728 | 1386728 | 0 | 15928 ജനറൽ ഫണ്ടിലേയ്ക്ക് |
| എം.എൻ.ആർ.ഇ.ജി.എസ്. | 20927 | 8749524 | 8770451 | 8769914 | 537 | ഇ.എഫ്.എം.എസ്. വഴിയുള്ള തുകകളും ഉൾപ്പെടെ |
| ബി ഫണ്ട് | 0 | 34717766 | 34717766 | 34717766 | | |

വികസനഫണ്ട്(ജനറൽ) വിഭാഗത്തിലേക്ക് എസ്.സി.പി.യിൽ നിന്നും 36,86,919/- രൂപയും ടി.എസ്.പി.യിൽ നിന്നും 4,01,268/- രൂപയും 13-ാം ധനകാര്യ കമ്മീഷനിൽ ഗ്രാന്റിൽ നിന്നും 31,91,224/- പെർഫോമൻസ് ഗ്രാന്റിൽ നിന്നും 15,928/- ഉൾപ്പെടെ ആകെ 72,95,319/- രൂപ വികസനഫണ്ട് ജനറൽ വിഭാഗത്തിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തത് ആ അക്കൗണ്ടിൽ വരവായി എടുത്തു ചെലവു കാണിച്ചിട്ടുണ്ട്. കൂടാതെ സംരക്ഷണ ഗ്രാന്റ് റോഡ് വിഭാഗത്തിൽ നിന്നും നോൺ റോഡ് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തത് ടി അക്കൗണ്ടിലേക്ക് വരവായി സ്വീകരിച്ച ചെലവ് ചെയ്തിട്ടുണ്ട്.

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗികമായി | നടപ്പാക്കാ | പൂർത്തീകരിച്ച പ്രോജ |
|---|---|---|---|---|---|---|

| ലഭിച്ചത് (എണ്ണം) | | (എണ്ണം) | | നടപ്പാക്കിയത് (എണ്ണം) | ത്തവ (എണ്ണം) | കുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 161 | 71415596 | 127 | 39558173 | 7 | 27 | 78.88 |

നടപ്പാക്കാത്ത 27 പ്രോജക്റ്റുകൾ പ്രോജക്ട് പരിഷ്ക്കരണത്തിന്റെ ഭാഗമായി ഒഴിവാക്കപ്പെട്ടതാണ്.

# 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെപ്പറയും പ്രകാരം 12.7 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 83,10,686 | 96,53,974 | (+) 13,43,288 | (+) 16% |
| നികുതിയേതര വരവുകൾ | 11,36,461 | 8,96,049 | (-) 2,40,412 | (-) 21% |
| മറ്റുവരവുകൾ | 3,06,580 | 4,41,553 | (+) 1,34,973 | (+) 44% |
| ആകെ | 97,53,727 | 1,09,91,576 | (+)12,37,849 | (+) 12.7% |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 2,78,640 | 125 |
| കർഷകതൊഴിലാളി പെൻഷൻ | 42,44,460 | 477 |
| വിധവാപെൻഷൻ | 1,09,01,960 | 1045 |
| വാർദ്ധക്യകാലപെൻഷൻ | 145,37,100 | 2183 |
| വികലാംഗപെൻഷൻ | 34,71,995 | 329 |
| 50 വയസ്സിന് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 6,63,800 | 64 |
| വിധവകളുടെ മക്കൾക്കുള്ള വിവാഹ ധനസഹായം | 6,00,000 | 20 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.11.2016 വ്യാഴാഴ്ച 2.45 മണിക്ക് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 29340/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം.

പഞ്ചായത്തിന്റെ വരവ് ചെലവ് രജിസ്റ്ററുകളും രേഖകളും കൃത്യമായി എഴുതി സൂക്ഷിക്കുകയും ചെലവ് വൗച്ചറുകൾ പരിശോധനയ്ക്ക് ഹാജരാക്കാവുന്ന തരത്തിൽ ക്രമ നമ്പർ പാലിച്ച് ഫയൽ ചെയ്ത് സൂക്ഷിച്ചിട്ടുണ്ട്. കൂടാതെ തനത് ഫണ്ട് ഇനങ്ങളുടെ ഡിമാന്റ് അരിയർ ഡിമാന്റ് രജിസ്റ്ററുകളും എഴുതി സൂക്ഷിച്ചിട്ടുണ്ട്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26.10.2016 & 27.10.2016 | 01.09.2016 മുതൽ 30.09.2016 വരെ | 05.11.2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20.07.2015 | 2014-15 | 24.10.2016 |

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി - അപാകതകൾ

2015-16 വർഷത്തെ തൊഴിൽ നികുതി സംബന്ധമായ രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് കാണുന്നു.

| ക്രമ നം. | പേര് | ഈടാക്കേണ്ട തൊഴിൽ നികുതി | ഈടാക്കിയത്, രസീത് നം & തീയതി | കുറവ് |
|---|---|---|---|---|
| 1. | സി.കെ.മുഹമ്മദ് നിയാസ്, സി.എം.കെ പെട്രോപ്രൊഡക്ട്സ്, നടക്കാവ് | 2,500/- | 1,250/-<br>147 / 06.04.2015 | 1,250 |

ഇത് സംബന്ധമായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കുറവ് തുക 1,250/- രൂപ ടിയാനിൽ നിന്നും ഈടാക്കാത്ത പക്ഷം സെക്രട്ടറിയുടെ ബാദ്ധ്യതയായി കണക്കാക്കി തുക ഈടാക്കി പഞ്ചായത്തുഫണ്ടിൽ ഒടുക്കേണ്ടതാണ്.

2. കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| നം. | പേര് | ഈടാക്കേണ്ട തൊഴിൽ നികുതി (2 അർദ്ധവർഷവും ഉൾപ്പെടെ) |
|---|---|---|
| 1 | വി.പി.തങ്കച്ചൻ | 2,500 |
| 2 | തോമസ് ജോയ് | 2,500 |
| 3 | ടി.എസ്. അശോകൻ | 2,500 |
| 4 | യൂജൻ ജോസ് | 2,500 |
| 5 | മോൻസി എബ്രഹാം | 2,500 |

| | | |
|---|---|---|
| 6 | പി.ചാക്കോ | 2,500 |
| 7 | മനോജ്.കെ.എസ് | 2,500 |
| | ആകെ | 17,500 |

ടി കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് - കെ.എസ്.ഇ.ബി.ക്ക് ഡെപ്പോസിറ്റ് നൽകിയത്

ഉദയംപേരൂർ ഗ്രാമപഞ്ചായത്തിലെ താഴെ പറയുന്ന ഹൈമാസ്റ്റ് ലൈറ്റുകൾക്ക് താഴെ പറയും പ്രകാരം വൈദ്യുതി ചാർജ്ജിൻമേൽ ക്യാഷ് ഡെപ്പോസിറ്റും അഡീഷനൽ ക്യാഷ് ഡെപ്പോസിറ്റും നൽകിയതായിക്കാണുന്നു.

| കൺസ്യൂ.നം. | വൗചർനം. | ചെക്ക്നം. | തൻവർഷം നൽകിയതുക | മുൻവർഷം നൽകിയതുക |
|---|---|---|---|---|
| 1155490017235 | 21500256/15.06.2015 | 9571545 | 2,376 | 2,283 |
| - | 21500226/05.06.2015 | 737569 | 2,000 | - |
| ആകെ | | | 4,376 | 2,283 |

കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ (വിജ്ഞാപനം നം.215/DD/T&D (Rev) 2014/ KSERC തീ. 31/10/2014) 2014 ലെ കേരളാ ഇലക്ട്രിസിറ്റി സപ്ലൈ കോഡിലെ കോഡ് 102(3) പ്രകാരം തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജിൻമേൽ ഡെപ്പോസിറ്റ് നൽകേണ്ടതില്ല. ഇതിനു വിരുദ്ധമായി നൽകിയ മേൽ തുകകൾ തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്.

## 3-2 തെരുവു വിളക്കുകളുടെ പോസ്റ്റ് മാറ്റുന്നതിന് കെ.എസ്.ഇ.ബി.ക്കു സേവന നികുതി നൽകി

ഉദയംപേരൂർ പഞ്ചായത്തിലെ1,9,13,20 എന്നീ വാർഡുകളിൽ തെരുവുവിളക്കുകളുടെ പോസ്റ്റ് മാറ്റിസ്ഥാപിക്കുന്നതിനായി വൗച്ചർ നം.21500480 / 02.08.2015 പ്രകാരം 23,802/- രൂപ കെഎസ്.ഇ.ബി.ക്കു നൽകി. മേൽതുകയോടൊപ്പം കെ.എസ്.ഇ.ബി. 14% സേവന നികുതി ലേബർചാർജ്ജിനു വാങ്ങിയതായി കാണുന്നു. ഇലക്ട്രിസിറ്റി വിതരണം കേന്ദ്രധനകാര്യ നിയമം 1994 വകുപ്പ് 66D(K) 01.07.2012ലെ വിജ്ഞാപന പ്രകാരം നെഗറ്റീവ് ലിസ്റ്റിൽ ഉൾപ്പെടുന്ന സേവനമാണ്. ആയതിനാൽ സേവന നികുതി നൽകേണ്ടതില്ല. വിശദാംശങ്ങൾ താഴെപറയുന്നു.

| വാർഡ് നം. | ബിൽ തുക | ലേബർ ചാർജ്ജ് | നൽകിയ സേവന നികുതി |
|---|---|---|---|
| 1 | 5,941 | 2,799 | 392 |
| 9 | 2,683 | 2,164 | 303 |
| 13 | 8,904 | 6,854 | 960 |
| 13 | 3,670 | 2,935 | 411 |
| ആകെ | | | 2,066 |

മേൽതുക തിരികെ ഈടാക്കി, പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്.

## 3-3 പദ്ധതി മാർഗ്ഗരേഖ ലംഘനം - അധിക സബ്സിഡി നൽകി

പ്രോജക്ട്നം – 19/16
പ്രോജക്ടിന്റെ പേര് – കാർഷികയന്ത്രവൽക്കരണം
നിർവ്വഹണ ഉദ്യോഗസ്ഥൻ – കൃഷി ഓഫീസർ
പദ്ധതി ചെലവ് – ₹.31,678/-

തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് കാർഷിക ഉപകരണങ്ങൾ വാങ്ങി നൽകുന്ന പദ്ധതിയാണ് നടപ്പിലാക്കിയത്. ടി പദ്ധതിയിൽ മൂന്നു ഗുണഭോക്താക്കൾക്ക് weedcutter വാങ്ങി നൽകി. പദ്ധതി മാർഗ്ഗരേഖ പ്രകാരം ഒരു ഗുണഭോക്താവിനു പരമാവധി 5000/- മാത്രമേ നൽകുവാൻ പാടുള്ളൂ. എന്നാൽ ഇവിടെ അതിനു പകരം 7500/- വരെ നൽകി. വിശദ വിവരം താഴെ ചേർക്കുന്നു.

| ഗുണഭോക്താവ് | ഡി.ഡി.നം./തീയതി | നൽകിയതുക | അധികംനൽകിയത് |
|---|---|---|---|
| ജോസ്,തോട്ടുപുറത്ത് | 384472/30.12.2015 | 7,500 | 2,500 |
| സാജുശശിധരൻ | 359661/30.03.2016 | 6,428 | 1,428 |
| കെ.ജെ.മാത്യു | 359662/30.03.2016 | 7,500 | 2,500 |
| ആകെ | | | 6,428 |

സബ്സിഡി ഇനത്തിൽ അധികം നൽകിയ മേൽ തുക 6,428/- തിരികെ ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിനു ഹാജരാക്കേണ്ടതാണ്.

## 3-4 ആദായനികുതി ഈടാക്കിയില്ല.

ഉദയംപേരൂർ ഗ്രാമ പഞ്ചായത്തിൽ 2015-16ൽ നടത്തിയ താഴെപ്പറയുന്ന ചെലവുകളിൽ നിന്നും നിയമ പ്രകാരമുള്ള ആദായ നികുതി ഈടാക്കിയതായി കാണുന്നില്ല.

(എ) വക്കീൽ ഫീസ് – ഉദയം പേരൂർ പഞ്ചായത്തിന്റെ വിവിധ കേസുകൾ നടത്തിയതിനു പ്രതിഫലമായി അഡ്വക്കേറ്റ് പി.എൻ സുകുമാരന് വൗച്ചർ നം.21500259, ചെക്ക് നം.957146 / 17.6.15 പ്രകാരം 47000/- പ്രൊഫഷണൽ ചാർജ്ജായി നൽകി. ആദായനികുതി നിയമം വകുപ്പ് 194(j) പ്രകാരം പ്രൊഫഷണൽ ചാർജ്ജിനു 10% ആദായനികുതിയായ 4700/- സ്രോതസ്സിൽ നിന്നും കിഴിവു നടത്തിയില്ല.

(ബി) തെരുവുവിളക്ക് അറ്റകുറ്റപ്പണി – കോൺട്രാക്ടർ – ശ്രീ. ലിമിൽ പ്രകാശ് ആദായനികുതി നിയമം വകുപ്പ്-194(c)

| വൗച.നം. | ചെക്ക് നം. | നൽകിയ തുക | കിഴിവു നടത്തേണ്ട തുക(1%) |
|---|---|---|---|
| 21500269 | 737567/19.06.2015 | 2,00,000 | 2,000 |
| 21500309 | 957169/04.07.2015 | 2,00,000 | 2,000 |
| 21500936 | 337494/07.12.2015 | 3,00,000 | 3,000 |
| 21501014 | 47934118.12.2015 | 2,07,975 | 2,076 |
| ആകെ | | | 9,076 |

(സി) പ്രിന്റിംഗ് ചാർജ്ജ് – നൊറൊണാ പ്രിന്റിംഗ് പ്രസ്സ് – ആദായനികുതി നിയമം വകുപ്പ്-194(c)

| വൗച്ചർ നം. | നൽകിയതുക | കിഴിവു നടത്തേണ്ട തുക(2%) |
|---|---|---|
| 21500471/11.08.2015 | 31,997 | 640 |
| 21500917/01.12.2015 | 1,36,906 | 2,738 |
| 21501193/15.02.2016 | 5,000 | 100 |
| 21501194/18.02.2016 | 20,725 | 414 |
| 21501443/30.03.2016 | 8,440 | 168 |
| 21501444/30.03.2016 | 415 | 8 |
| 21501445/30.03.2016 | 4,150 | 83 |
| ആകെ | | 4,151 |

(ഡി) മാലിന്യസംസ്കരണ പ്ലാന്റ് അറ്റകുറ്റപണി – ബയോടെക്ക്, തിരുവനന്തപുരം ആദായ നികുതി നിയമം വകുപ്പ്194(c)

| വൗച്ച.നം. | നൽകിയതുക | കിഴിവുനടത്തേണ്ടതുക(2%) |
|---|---|---|
| 21501325/20.03.2016 | 128700 | 2574 |

ആകെ 20501/- രൂപ ആദായ നികുതിയിനത്തിൽ ഒടുക്കു വരുത്തേണ്ടതാണ്.

## 3-5 പകർച്ചവ്യാധി നിയന്ത്രണം - പദ്ധതി നടത്തിപ്പിലെ അപാകതകൾ.

പ്രോജക്ട് നമ്പർ & പ്രോജക്ട് – എസ് 027/16 , പകർച്ചവ്യാധി നിയന്ത്രണം
അടങ്കൽ – ₹.3,50,000/- ( ധനകാര്യകമ്മീഷൻ അവാർഡ്)
ചെലവ് – ₹.3,49,910/-
നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ പിഎച്ച്സി.

ബിൽ നമ്പർ 11/15-16 106610
ബിൽ നമ്പർ 30/15-16 4100
ബിൽ നമ്പർ 28/15-16 23200
ബിൽ നമ്പർ 29/15-16 10800
ബിൽ നമ്പർ 26/15-16 6376
ബിൽ നമ്പർ 17/15-16 14500
ബിൽ നമ്പർ 15/15-16 7440
ബിൽ നമ്പർ 20/15-16 99800
ബിൽ നമ്പർ 24/15-16 59904
ബിൽ നമ്പർ 25/15-16 17180

2015-16ൽ മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പകർച്ചവ്യാധി നിയന്ത്രണം എന്ന പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. ടി പ്രോജക്ടിന്റെ നടത്തിപ്പിന്റെ ഭാഗമായി വിവിധ തരം പ്രിന്റിംഗ് ജോലികൾക്കായി, 1,78,784/- രൂപാ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തികൾക്കായി ക്വട്ടേഷൻ ക്ഷണിക്കാതെ വിവിധ പ്രസ്സുകൾക്ക് പീസ് മീലായി ഓഡർ നല്കിയാണ് തുക ചെലവഴിച്ചിരിക്കുന്നത്. ആയതു സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കു വിരുദ്ധമാണ്. ഈ പദ്ധതിയുടെ സിംഹഭാഗം ചെലവും വന്നിരിക്കുന്നത് പ്രിന്റിംഗ് ജോലികൾക്കാണ്. പ്രിന്റിംഗ് പ്രവൃത്തികൾക്ക് ക്വട്ടേഷൻ ക്ഷണിക്കാതിരുന്നതിന് വിശദീകരണം നൽകുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം 11ന് ) പരിപാടി നടപ്പാക്കിയത് പല സബ് സെന്ററുകളിൽ നിന്നാകയാൽ പ്രാദേശികമായി പ്രിന്റിംഗ് നടത്തിയതിനാലാണ് ഇപ്രകാരം ചെലവ് വന്നത് എന്നു വിശദീകരണം നൽകിയിട്ടുണ്ട് . ടി

മറുപടി അംഗീകരിക്കാവുന്നതല്ല. മേലിൽ നടത്തുന്ന ഇത്തരം പ്രവൃത്തികൾ സർക്കാർ നിബന്ധനകൾക്ക വിധേയമായി ക്വട്ടേഷൻ / ടെൻഡർ ക്ഷണിച്ച നടത്തേണ്ടതാണ്. കൂടാതെ പ്രിന്റിംഗ് ജോലി ചെയ്ത വകയിൽ ബാലകൃഷ്ണൻ മുട്ടത്തുവെളിയിൽ എന്നയാൾക്ക 99,800/- രൂപയും (ഡിഡി നം 359027/22.03.16), ആർഷ ആർട്ട്സ് മുളത്തുരുത്തി എന്ന സ്ഥാപനത്തിന 59904/- രൂപ (ഡി.ഡി. നം.360016/31.03.2016) നൽകിയിട്ടുണ്ട്. ടി സ്ഥാപനത്തിൽ നിന്നും നിയമപ്രകാരമുള്ള 2% നിരക്കിൽ ആദായനികുതി ഈടാക്കിയിട്ടില്ല. (സെക്ഷൻ 194C) ടിയിനത്തിൽ 3194/- (1996 +1198) രൂപ നഷ്ടമുണ്ടായിട്ടുണ്ട്. ആയതു നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും ഈടാക്കി ആദായനികുതി വകുപ്പിൽ ഒടുക്കവരുത്തേണ്ടതാണ്.

2. IEC Documentation എന്ന പദ്ധതിക്കായി Kerala State Industrial Enterprises ൽ നിന്നും സോണി ഡിജിറ്റൽ ക്യാമറ വാങ്ങിയിട്ടുണ്ട്. ( ബിൽ നമ്പർ 352/ തിയതി ലഭ്യമല്ല. തുക 9990/-) കൂടാതെ ഗപ്പി മത്സ്യത്തെ വളർത്തുന്നതിന ഫിഷ് ഹാച്ചറി നിർമ്മിച്ചതിന് ഷിജു വി എസ്, വാലോക്കോട് വീട് എന്നയാൾക്ക് 14500/- രൂപയും (ബിൻ നം. 17/15-16 / 22.03.2016) നൽകിയിട്ടുണ്ട്. എന്നാൽ ഇത്തരത്തിൽ തുക ചെലവഴിക്കുന്നതിന സർക്കാർ നിർദ്ദേശമില്ല. ഇതു സംബന്ധമായ ഓഡിറ്റ് എൻക്വയറിയ്ക്കു (എൻക്വയറി നം 11) തൃപ്തികരമായ മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ടിയിനങ്ങളിൽ ചെലവഴിച്ച 24490/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-6 പഞ്ചായത്ത് ഓഫീസിൽ ജനറേറ്റർ സ്ഥാപിക്കൽ - പദ്ധതി നടത്തിപ്പിലെ അപാകത

പ്രോജക്ട് നമ്പർ എസ് 175/16
അടങ്കൽ - 811800/-(ധനകാര്യ കമ്മീഷൻ അവാർഡ്)
ചെലവ് - 789750/- (ബിൽനമ്പർ 5201254/30.03.16 )
നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

2015 -16 വർഷം ഗ്രാമപഞ്ചായത്ത് ഓഫീസിലേക്ക് ജനറേറ്റർ വാങ്ങുന്നതിനായി മേൽ നമ്പർ പദ്ധതി പ്രകാരം Kerale Electrical Limited എന്ന സ്ഥാപനത്തിൽ നിന്നും 20 KVA ഡീസൽ ജനറേറ്റർ വാങ്ങുവാൻ 23.02.2016 ൽ പഞ്ചായത്ത് കമ്മിറ്റി 1(29) ാം നമ്പരായി തീരുമാനിച്ച് 26.02.2016 ൽ വർക്ക് ഓർഡർ നല്കി പദ്ധതി നടപ്പാക്കി. മേൽ പ്രോജക്ട് നടപ്പാക്കിയതിൽ താഴെപ്പറയുന്ന അപാകത കാണുന്നു. ജി.ഒ.(ആർ.ടി.) നം 53/2015/പി.എസ്.ഡി/ 13.10.2015 പ്രകാരം KEL ൽനിന്നും ടെൻഡർ നടപടി ക്രമം കൂടാതെ DG സെറ്റ് വാങ്ങുവാൻ അനുവാദമുണ്ട്. KEL പഞ്ചായത്തുമായി ഏർപ്പെട്ട കരാർ പ്രകാരം എൻജിൻ, ആൾട്ടർനേറ്റർ, മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവക്ക് 4,50,000/- രൂപയും ഇൻസ്റ്റലേഷൻ, ടെസ്റ്റിങ്, കമ്മീഷനിംഗ് എന്നിവക്ക് 3,39,750/- രൂപയും ഉൾപ്പെടെ ആകെ 7,89,750/- രൂപയാണ് ചെലവ്. കരാർപ്രകാരം ഇൻസ്റ്റലേഷൻ ജോലിയുടെ അഡ്വാൻസ് നൽകേണ്ടത് അമ്പത് ശതമാനം പർച്ചേസ് ഓർഡറിനൊപ്പവും ബാക്കി അമ്പത് ശതമാനം ഇറക്ഷൻ, കമ്മീഷനിംഗ് ജോലികൾക്ക് ശേഷവുമാണ്. 01.04.2016ൽ DG സെറ്റ് കമ്മീഷൻ ചെയ്തതായി KEL അറിയിക്കുകയും MKTG/DG /01/16 കത്ത് പ്രകാരം അകെത്തുകയായ 7,89,750/-രൂപാ അനുവദിക്കുന്നതിനായി അപേക്ഷിക്കുകയും ചെയ്തു. ആയതിൻ പ്രകാരം ഈ തുക പഞ്ചായത്ത് KEL ന് നൽകിയിട്ടുണ്ട് (ഡി.ഡി. നമ്പർ 59883/31.03.2016). എന്നാൽ കരാർ പ്രകാരം കമ്മീഷനിംഗ് പൂർത്തിയാകുമ്പോൾ മാത്രമാണ് മുഴുവൻ തുകയും അനുവദിക്കേണ്ടത്. ഇത് പൂർത്തിയാകുന്നത് Electrical Inspectorate ൽ നിന്നുള്ള Energization Approval ലഭിക്കുമ്പോൾ മാത്രമാണ്. എന്നാൽ ഈ അംഗീകാരം നാളിതു വരെ ലഭിച്ചിട്ടില്ല. ഇതിനായി KEL പ്രീതി എനർജൈസിങ്ങ് കമ്പനി എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തി എന്നറിയിച്ചെങ്കിലും നടപടി ആയിട്ടില്ല.

കരാർപ്രകാരം ഇതിനു ശേഷം മാത്രം ഇൻസ്റ്റലേഷൻ ജോലിയുടെ പകുതി തുക നൽകേണ്ടതായിരുന്നു. ഈ തുകയായ 1,69,875/- രൂപാ ഓഡിറ്റിൽ തടസ്സത്തിൽ വയ്ക്കാതിരിക്കുവാൻ തക്ക കാരണം ഉണ്ടെങ്കിൽ അറിയിക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഇത് സംബന്ധിച്ച് കത്തിടപാടുകൾ നടക്കുന്നുണ്ടെന്നും കാലതാമസമുണ്ടായാൽ നിയമ നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. എനർജൈസേഷൻ സർട്ടിഫിക്കറ്റ് ലഭിക്കാത്ത സാഹചര്യത്തിൽ അമ്പത് ശതമാനം തുകയായ 1,69,875/- രൂപയുടെ ചെലവു ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-7 വിനിയോഗ സാക്ഷ്യപത്രങ്ങളില്ല - ചെലവ് തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പ്പറയുന്ന പ്രവർത്തികൾക്ക് പണി പൂർത്തീകരിച്ച് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നാളിതുവരെ ലഭ്യമായിട്ടില്ല.

1. പട്ടികജാതികോളനിയിൽ സ്ട്രീറ്റ് ലൈൻ വലിച്ച് തെരുവു വിളക്ക് സ്ഥാപിക്കൽ.
   പ്രോജക്റ്റ് നമ്പർ എസ് 58/16
   അടങ്കൽ - 500000 (എസ് സി പി)
   ചെലവ് - 131195/-
   ബിൽ നമ്പർ - 1282/31.03.2016 (ഡിഡി നമ്പർ 360309/05.04.2016)

പള്ളിക്കത്തറ, കീച്ചേരിൽ ലെയിൻ എന്നിവിടങ്ങളിൽ സ്ട്രീറ്റ് ലൈൻ വലിക്കുന്നതിനായി കെ എസ് ഇ ബി ഇലക്ട്രിക്കൽ സബ്ഡിവിഷൻ തൃപ്പൂണിത്തുറക്ക് 131195/- രൂപ മേൽ നമ്പർ ബിൽ പ്രകാരം നൽകിയിട്ടുണ്ട്.

2. വിവിധ പ്രദേശങ്ങളിൽ സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ
   പ്രോജക്റ്റ് നമ്പർ എസ് 056/15
   അടങ്കൽ - 280000/-(വികസന ഫണ്ട്)
   - 120000/-(തനത് ഫണ്ട്)
   ചെലവ് - 280000/- + 120000/-
   ബിൽ നമ്പർ - 1281/31.03.2016 (ഡിഡി നമ്പർ 360306/05.04.2016)
   ചെക്ക് നം. - 581593/31.03.2016
   2015-2016 ലെ വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ പ്രദേശങ്ങളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ എന്ന പ്രവൃത്തിക്കായി 15,45,305/- രൂപയുടെ എസ്റ്റിമേറ്റ് കെ.എസ്.ഇ.ബി. ഉദയംപേരൂർ സബ്സെക്ഷൻ നൽകിയിരുന്നു. 2015-16 ൽ ഈയിനത്തിൽ വകയിരുത്തിയ തുകയായ 400000/- രൂപാ കെ.എസ്.ഇ.ബിക്ക് കൈമാറി. 02.05.2016 ൽ DB/PPS/16-17 /307/05.05.2016 പ്രകാരം എസ്റ്റിമേറ്റ് തുക പൂർണ്ണമായി അടവാക്കാത്തതിനാൽ അടച്ച തുകയ്ക്ക് ആനുപാതികമായി ജോലി ചെയ്യുവാനാവശ്യമായ വിവരങ്ങളും സ്കെച്ചും നൽകി പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവർത്തി തുടങ്ങുവാൻ ആവശ്യമായ രേഖകൾ നൽകുവാൻ കെ എസ് ഇ ബി ആവശ്യപ്പെട്ടിരുന്നു. ഇതു സംബന്ധിച്ച തുടർ വിവരങ്ങളോ ഫയലിൽ ലഭ്യമാക്കിയിട്ടില്ല.

3. വിവിധ പ്രദേശങ്ങളിൽ ലൈൻ വലിച്ച് കുടിവെള്ള ടാപ്പ് സ്ഥാപിക്കൽ

   പ്രോജക്റ്റ് നമ്പർ എസ് 055/2016
   അടങ്കൽ - 450000/-
   ചെലവ് - 450000/-
   ബിൽ നമ്പർ 1280/31.03.2016

വാട്ടർ അതോറിറ്റി നൽകിയ എസ്റ്റിമേറ്റ് പ്രകാരം 4,50,000/- രൂപാ ഡിഡി നമ്പർ 360310 / 05.04.2016 പ്രകാരം നല്കിയിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരണ സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതിനാൽ തുക തടസ്സത്തിൽ വയ്ക്കുന്നു.
ആകെ 9,81,195/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-8 ഗുണഭോക്തൃലിസ്റ്റ് - അംഗീകാരമില്ല.

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2015-16ൽ നടപ്പാക്കിയ പ്രോജക്റ്റ് ആണ് ഗ്രോബാഗിൽ പച്ചക്കറികൃഷി. (പ്രോജക്റ്റ്നം176/16, ഡി.ഡി. നം.359603 തീ.30.03.2016, ഡി.ഡി. നം.359657 തീ.30.03.2016) പദ്ധതിയുടെ സാമ്പത്തിക വിശകലനം താഴെപ്പറയും പ്രകാരമാണ്.

| | |
|---|---|
| പ്ലാൻഫണ്ട് | 200000/- |
| ഗുണഭോക്തൃവിഹിതം | 50000/- |
| ആകെ | 250000/- |

ഒരു ഗുണഭോക്താവിനു സബ്സിഡി 2000/-, ഗുണഭോക്തൃവിഹിതം 500/- പ്രകാരം 100 ഗുണഭോക്താക്കൾക്കാണ് ഗ്രോബാഗ് നൽകിയത്. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥൻ, അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് ഓഡിറ്റനായി ഹാജരാക്കിയില്ല. ഇതു സബന്ധിച്ച ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. 2,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 3-9 എം.പി. നടപ്പാക്കിയ പദ്ധതിയ്ക്കായി തനതു ഫണ്ടിൽ നിന്നും തുക ചെലവഴിച്ചു.

പാർലമെന്റ് അംഗങ്ങൾ ഓരോ പഞ്ചായത്തിനേയും ദത്തെടുത്തു നടപ്പാക്കുന്ന പ്രോജക്ട് ആണ് സംസദ് ആദർശ് യോജന. ഇതനുസരിച്ച് ബഹു എം.പി. പി.രാജീവ്, ഉദയംപേരൂർ പഞ്ചായത്തിനെ തെരഞ്ഞെടുത്തു. ഇതിനായി എറണാകുളം ജില്ലാ കളക്ടർ നോഡൽ ഓഫീസറായി ഒരു കമ്മറ്റി രൂപീകരിക്കുകയും പഞ്ചായത്തിനായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ തീരുമാനിക്കുകയും ചെയ്തു. മാസ്റ്റർ പ്ലാനിനായി പഞ്ചായത്തിലെ വീടുകൾ തോറും ഒരു സർവ്വെ നടത്തുവാനും തീരുമാനിച്ചു. ഇതിനായി സർവ്വെ ഫോം വിതരണം ചെയ്യുന്നതിനു വീടൊന്നിനു 5/- രൂപയും ഡാറ്റാ എൻട്രിക്കു വീടൊന്നിനു 5/-യും പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും ചെലവഴിക്കുവാൻ പഞ്ചായത്തിനോട് ആവശ്യപ്പെട്ടു. ഇതുപ്രകാരം പഞ്ചായത്ത് താഴെ പറയും പ്രകാരം തനതു ഫണ്ടിൽ നിന്നു ചെലവു ചെയ്തു.

| ചെലവുരീതി | വൗച്ച.നം. | തുക |
|---|---|---|
| വീടുകൾ തോറും ഫാറം വിതരണം | 20050048 | 46,365 |
| ഡാറ്റാ എൻട്രി | 21500073 | 46,365 |

മേൽവിവരങ്ങളെ അടിസ്ഥാനപ്പെടുത്തി ഓഡിറ്റ് എൻക്വയറി നൽകുകയും ആയതിനു 22.11.16 ൽ മറുപടി ലഭിക്കുകയും ചെയ്തു. ആയതു പരിഗണിച്ചു ടി ചെലവുമായി ബന്ധപ്പെട്ട അപാകതകൾ താഴെപ്പറയുന്നു.

1. വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം 11000ൽ പരം വീടുകളാണ് ഗ്രാമപഞ്ചായത്തിലുണ്ടായിരുന്നത്. എന്നാൽ 9263 വീടുകളിൽ മാത്രമേ സർവ്വേ നടത്തിയിരുന്നുള്ളൂ. അതിനാൽ തന്നെ സർവ്വെ സമഗ്രമല്ല. സർവ്വേയിൽ ഉന്നയിച്ച വിഷയങ്ങൾ സംബന്ധിച്ചു പഞ്ചായത്തു മറുപടി നൽകിയില്ല.

2. ഈ പദ്ധതി പ്രകാരം പഞ്ചായത്തിൽ പ്രവർത്തിക്കുന്ന JBS സ്കൂളുകൾക്കു 6 സ്കൂൾ ബസുകൾ ബഹു. എം.പി. നേരിട്ടു നൽകുകയായിരുന്നു. ഇതിന്റെ തുടർ ചെലവുകൾ പഞ്ചായത്തിന്റെ മെയിന്റനൻസ് ഗ്രാന്റിൽ നിന്നാണ് നൽകി വരുന്നത്. ഇതൊഴിച്ചാൽ ഈ പദ്ധതി പ്രകാരം യാതൊരു ധനസഹായവും നാളിതുവരെ പഞ്ചായത്തിനു ലഭിച്ചിട്ടില്ല.

3. ഈ പദ്ധതിയുമായി ബന്ധപ്പെട്ട 06.02.2015 ൽ ബഹു. കളക്ടറുടെ അദ്ധ്യക്ഷതയിൽ കൂടിയ കമ്മിറ്റി മിനുട്ട്സ് പ്രകാരം തീരുമാനിച്ച പദ്ധതികൾ (എല്ലാ വീടുകൾക്കും ബക്കറ്റ് കംപോസ്റ്റ്, റോഡ് നടപ്പാത നവീകരണം, മെഡിക്കൽ ക്യാമ്പുകൾ അധികമായി സംഘടിപ്പിക്കൽ) എന്നിവ നാളിതുവരെ നടപ്പാക്കിയിട്ടില്ല.

4. പദ്ധതിയിൽ വിഭാവനം ചെയ്ത മാസ്റ്റർ പ്ലാൻ നാളിതുവരെ തയ്യാറാക്കിയിട്ടില്ല.

മേൽ വസ്തുതകൾ പരിഗണിച്ചാൽ തനതു ഫണ്ടിൽ നിന്നും നടത്തിയിട്ടുള്ള മേൽ ചെലവുകൾ ഫലപ്രാപ്തിയിലെത്തിയിട്ടില്ലായെന്നു കാണുന്നു.

# 3-10 ലോക ബാങ്ക് ധനസഹായം - വക മാറ്റി ചെലവഴിക്കുന്നു.

ലോക ബാങ്ക് ധനസഹായ വിഹിതം ആസ്തി വികസനത്തിനു മാത്രമായി വിനിയോഗിക്കണമെന്നു

നിബന്ധനയുണ്ട്. എന്നാൽ മേൽ നിർദ്ദേശത്തിനു വിരുദ്ധമായി ഗ്രാമ പഞ്ചായത്തിന്റെ

അറ്റകുറ്റപ്പണികൾക്കായി ലോക ബാങ്ക് ധനസഹായ വിഹിതത്തിൽ നിന്നും 251058/- രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക പ്രകാരം 986728/- രൂപ (I-6 Schedule) ടി ഫണ്ടിൽ നിന്നും റവന്യൂ ചെലവിനത്തിൽ ചെലവഴിക്കപ്പെട്ടതായി കാണുന്നു. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക വിരുദ്ധമായി ഫണ്ട് വിനിയോഗം നടത്തുന്നത് അത്യന്തം ഗൌരവമേറിയതാണ്. പ്രോജക്ടുകൾ വിഭാവനം ചെയ്യുമ്പോൾ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക വിധേയമായി ഫണ്ട് വിനിയോഗം നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 15-16 | 42500/- | ഭിന്നശേഷി യുള്ളവർക്കുള്ള സ്കോളർഷിപ്പ് | 42500/- | - |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KWA | വിവിധ പ്രദേശങ്ങളിൽ പൈപ്പ് ലൈൻ സ്ഥാപിക്കൽ | 21501488 | 4,50,000 | തുക ചെലവഴി ച്ചിട്ടില്ല. | 4,50,000 |
| KSEB | വിവിധ പ്രദേശങ്ങളിൽ സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ | 21501489 | 4,00,000 | തുക ചെലവഴി ച്ചിട്ടില്ല. | 4,00,000 |
| KSEB | പട്ടികജാതി കോളനികളിൽ സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ | 21501496 | 1,31,195 | തുക ചെലവഴി ച്ചിട്ടില്ല. | 1,31,195 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്.

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 15,54,103 |
| തൻവർഷം നിക്ഷേപിച്ച തുക | 1,59,295 |
| ആകെ | 17,13,398 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 17,13,398 |

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| Rt.No.21844/30.05.15 | 3,66,656 |
| Rt.No.21845/30.05.15 | 13,46,742 |

## 4-6 ഓഡിറ്റ് റിക്കവറി

2015-16ൽ ഓഡിറ്റ് റിക്കവറിയിനത്തിൽ 72973/- രൂപ വരവുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു:-

| ഓഡിറ്റ് വർഷം, ഖണ്ഡിക നം. | ഉത്തരവാദിയുടെ പേരും സ്ഥാനപ്പേരും | അടച്ച തുക | രസീതു നമ്പരും തീയതിയും |
|---|---|---|---|
| 1997-98, 2(2) | രഘുവരൻ, യു.ഡി.സി. | 49 | 11502100531/ 22.04.2015 |
| 1997-98, 3(32) | റ്റി കെ പ്രസാദ്, പ്രസിഡന്റ് | 32 | 11502100532/ 22.04.2015 |
| 1997-98, | ഷാലൃ, എൽ.ഡി.സി. | 52 | 11502100533/ 22.04.2015 |
| 1997-98, | എസ്.കെ. രാജീവ്, എൽ.ഡി.സി. | 262 | 11502100863/ 18.05.2015 |
| 2011-12 &2012-13, | ധർമ്മകീർത്തി, എ.ഇ., എൽ.എസ്.ജി.ഡി. | 52,578 | 11502100447/ 28.12.2015 |
| ആകെ | | 52,973 | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 to 2001-02 | 2-13 | 2006-07 | 3-51(1) | പട്ടിക ജാതി വിഭാഗത്തിനുള്ള ഭവന നിർമ്മാണം - JGSY പദ്ധതി നടപ്പിലാക്കിയതിലെ അപാകത | തീർപ്പാക്കിയിട്ടില്ല |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം.

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 4,14,29,072 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,59,19,400 |
| വരവിനങ്ങളിലുള്ള നഷ്ടം | 1,250 |
| ചെലവിനങ്ങളിലുള്ള നഷ്ടം | 12,870 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 13,75,560 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 1,250 | | ആർ.മണിക്കുട്ടി, സെക്രട്ടറി |
| 3-1 | | 4,376 | എ.കെ.ജയപ്രകാശ്, സെക്രട്ടറി |
| 3-2 | | 2,066 | ആർ.മണിക്കുട്ടി, സെക്രട്ടറി |
| 3-3 | | 6,428 | ലിസിമോൾ.ജെ.വട്ടക്കുട്ട്, കൃഷിഓഫീസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 24,490 | ഡോ.സി. മഞ്ജു, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| 3-6 | 1,69,875 | ആർ.മണിക്കുട്ടി, സെക്രട്ടറി |
| 3-7 | 9,81,195 | ആർ.മണിക്കുട്ടി, സെക്രട്ടറി |
| 3-8 | 2,00,000 | ലിസിമോൾ.ജെ.വട്ടക്കുട്ട്, കൃഷിഓഫീസർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 20,501 | ₹.10,378/- - എ.കെ.ജയപ്രകാശ്,സെക്രട്ടറി |
| | | ₹.10,123/- - ആർ.മണിക്കുട്ടി, സെക്രട്ടറി |
| 3-5 | 3,194 | ഡോ.സി. മഞ്ജു, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| എ.കെ.ജയപ്രകാശ്, സെക്രട്ടറി | സെക്രട്ടറി, ചെമ്പ് ഗ്രാമപഞ്ചായത്ത് | അവിട്ടംപറമ്പിൽ, കാഞ്ഞിരമറ്റം(പി.ഒ.), എറണാകുളം |
| ആർ.മണിക്കുട്ടി, സെക്രട്ടറി | സെക്രട്ടറി, ഉദയംപേരൂർ ഗ്രാമപഞ്ചായത്ത് | 2/468എ, രേവതി ഹൗസ്, കാട്ടിപ്ര റോഡ് സൗത്ത് എൻഡ്, മരട്(പി.ഒ) |
| ലിസിമോൾ.ജെ.വട്ടക്കുട്ട് കൃഷിഓഫീസർ | കൃഷിഓഫീസർ, ഉദയംപേരൂർ ഗ്രാമപഞ്ചായത്ത് | ദി ഹാവൽ, സി.ജി.4 ഹാർമണി എൻക്ലേവ് കുഞ്ഞൻ ബാവ റോഡ്, പൊന്നുരുന്നി(പി.ഒ.) വൈറ്റില |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ.എഫ്.ഇ(പി2)93/98 തീ. 12.03.1998 |

| | |
|---|---|
| 1997-98 | എൽ.എഫ്.ഇ(പി4)134/2004 തീ. 25.10.2004 |
| 1998-99 മുതൽ 2001-02 വരെയുള്ള പദ്ധതിച്ചെലവ് | എൽ.എഫ്.ഇ(പി2)15/2004 തീ. 08. 12.04 |
| 1998-99 മുതൽ 2001-02 വരെയുള്ള പദ്ധതി വിഹിതം ഒഴികെ ചെലവ് | എൽ.എഫ്.ഇ(പി6)376/2006 തീ. 05.10.06 |
| 1998-99 (വരവ്) | എൽ.എഫ്.ഇ(പി6)2008/2007 തീ. 09.07.08 |
| 1999-2000 (വരവ്) | എൽ.എഫ്.ഇ(പി6)2009/2007 തീ. 09.07.08 |
| 2000-2001 (വരവ്) | എൽ.എഫ്.ഇ(പി6)2010/2007 തീ. 09.07.08 |
| 2001-2002 (വരവ്) | എൽ.എഫ്.ഇ(പി6)2011/2007 തീ. 09.07.08 |
| 2002-2003 | എൽ.എഫ്.ഇ(പി6)2012/2007 തീ. 09.07.08 |
| 2003-2004 | എൽ.എഫ്.ഇ(പി6)2013/2007 തീ. 09.07.08 |
| 2004-2005 | എൽ.എഫ്.ഇ(പി6)1759/2009 തീ. 17.09.09 |
| 2005-2006 | എൽ.എഫ്.ഇ(പി6)1790/2009 തീ. 17.09.09 |
| 2006-2007 | എൽ.എഫ്.ഇ(പി6)1722/2007 തീ. 13.12.07 |
| 2007-2008 | എൽ.എഫ്.ഇ(പി6)437/2009 തീ. 04.12.09 |
| 2008-2009 | എൽ.എഫ്.ഇ(പി6)292/2010 തീ. 23.09.10 |
| 2009-2010 | എൽ.എഫ്.ഇ(പി6)1826/2010 തീ. 10.05.11 |
| 2010-2011 | എൽ.എഫ്.ഇ(പി6)1614/2011 തീ. 12.10.11 |
| 2011-2012 & 2012-13 | എൽ.എഫ്.ഇ(പി6)161/2014 തീ. 26.02.14 |
| 2013-14 | കെ.എസ്.എ.ഇ.കെ.എം(പി6)1542/15 തീ. 17.09.15 |
| 2014-15 | കെ.എസ്.എ.ഇ.കെ.എം(പി6)1106/16 തീ. 07.07.16 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം

## അനുബന്ധം - 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ് - 2015-16

നം.കെ.എസ്.എ.-ഇകെഎം(പി6)2041/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം
സിവിൽ സ്റ്റേഷൻ,

കാക്കനാട് – 682030
ഫോൺ : 0484 – 2422271
email: doekm.ksad@kerala.gov.in

തീയതി : 07.12.2016

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ ഉദയംപേരൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഉദയംപേരൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16-ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)

# APPENDIX – I

# AUDIT CERTIFICATE – 2015-16

No.KSA-EKM(P.6)2041/2016

Kerala State Audit Department
District Audit Office, Ernakulam
Civil Station, Kakkanad – 682030
Phone : 0484 - 2422271
e-mail :doekm.ksad@kerala.gov.in

Date : 07.12.2016

Certified that I have audited the Annual Financial Statement of UDAYAMPEROOR Grama Panchayat in Ernakulam District for the Financial Year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Annual Financial Statement of UDAYAMPEROOR Grama Panchayat for the Financial Year 2015-16 except the observations in my audit report properly presents the picture of income and expenditure.

Deputy Director (H.G.)